ഓഫ് പീഡിയാട്രിക് ഡോക്ടർ എൽസി ഫിലിപ്പ് ഇവരെ ആ പ്രദേശത്ത് അയച്ചു. അവർ ഇന്നലെത്തന്നെ പരിശോധിച്ച് തിരിച്ചു വന്ന് റിപ്പോർട്ട് സബ്മിറ്റ് ചെയ്തിട്ടുണ്ട്. തൽക്കാലം ആശങ്കയൊന്നുമില്ലെങ്കിലും നാളെ എന്തുണ്ടാകുമെന്ന് ആശങ്കയുണ്ട്. ചില ഡെവലപ്പ്മെൻറ്സുണ്ട്. പക്ഷെ അവരുടെ റിപ്പോർട്ടുകളിൽ വളരെ അപകടകരമായ സ്ഥിതിവിശേഷമൊന്നുമില്ലായെന്നാണ് പറഞ്ഞിട്ടുള്ളത്. 10 a. m.] പോയ ഡോക്ടർമാർ തിരിച്ചുവന്നു. എത്രദിവസം വേണ്ടി വന്നാലുംശരി രോഗബാധയിൽനിന്ന് പരിപൂർണ്ണമായി മോചിതരാകുന്നതുവരെ അവർക്കാവശ്യമായ ശുശ്രൂഷക്കുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. എന്ത് ചെലവുവന്നാലുംശരി ആവശ്യമായതെല്ലാം ചെയ്യണമെന്ന് കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. മാനേജിംഗ് ഡയറക്ടറും കമ്പനിയും ആവശ്യമായ എല്ലാ നടപടികളും ഇക്കാര്യത്തിൽ സ്വീകരിക്കാമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഇനിയും എന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ ചെയ്യാൻ ഗവൺമെൻറ് തയ്യാറാണ്.

ആ സ്ഥലത്തെ ബഹുമാനപ്പെട്ട മെമ്പർ മുഹമ്മദാലി അവിടെ ഉണ്ടായിരുന്നു. ഞങ്ങളും ഈ പ്രദേശങ്ങളെല്ലാം സന്ദർശിച്ചു. ആ സമയത്ത് ആ പ്രദേശത്തെ ആളുകൾക്ക് ഭീതിയിൽനിന്ന് തൽക്കാലം ഒരു ആശ്വാസമുണ്ട്. എങ്കിലും ഞാൻ സൂചിപ്പിച്ചതുപോലെ ആ പ്രദേശത്തുണ്ടാകാവുന്ന അപകടങ്ങളും ഒരുപക്ഷെ നിയന്ത്രിക്കാൻ സാധിക്കുന്ന നിലയിലാണെങ്കിലും നാളെ [illegible]തുസംഭവിക്കുമെന്നുള്ള കാര്യത്തിലുൽക്കണ്ഠയുണ്ട്. അതുകൊണ്ട് ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം എന്തെല്ലാം കരുതൽ നടപടികളും സ്വീകരിക്കണമെന്ന കാര്യത്തെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടിയും ഈ സംഭവത്തിന്റെ വിശദാംശങ്ങളും പരിശോധിക്കുന്നതിനുവേണ്ടിയും ഒരു റവന്യൂബോർഡ് അംഗത്തെയും വിദഗ്ദ്ധനായ ഒരു കെമിക്കൽ എഞ്ചിനീയറെയും നിയമിക്കുന്നതാണ്. അവർ വിശദമായ വിവരങ്ങൾ അന്വേഷിക്കുന്നതാണ്. കഴിഞ്ഞകാലങ്ങളിലുണ്ടായ സംഭവത്തിൽ ഉത്തരവാദികളായവരുടെ പേരിൽ കർശനമായ നടപടികളും സ്വീകരിക്കുന്നതോടൊപ്പം ഭാവിയിൽ ഇത് ഉണ്ടാകാതിരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതുമുണ്ട്. അതിന് ഗവൺമെൻറ് എല്ലാനടപടികളും സ്വീകരിക്കും. യാതൊരു ഉൽക്കണ്ഠക്കും അവകാശമില്ലെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

(ii) റബർ കൃഷിക്കുള്ള സബ്സിഡി പുനരാരംഭിക്കൽ

ശ്രീ. പി. സി. ജോർജ്: സർ, ഇന്ത്യയിൽ ഏറ്റവുമധികം റബർ ഉൽപ്പാദിപ്പിക്കുന്ന കേരളത്തിലെ റബർ കൃഷിക്കാരോട് നമ്മുടെ റബർ ബോർഡിന്റെ സമീപനം നല്ല നിലയിലാണോയെന്ന് എനിക്ക് സംശയമുണ്ട്. 1974 മുതൽ 1980 വരെ റബർ റീപ്ലാന്റ് ചെയ്യുന്നതിന് റബർ കൃഷിക്കാർക്ക് 7,500 രൂപ സബ്സിഡി ഉണ്ടായിരുന്നു. 1980 മുതൽ 1984 വരെയായപ്പോൾ അത് 5,000 രൂപയായി ചുരുങ്ങി. 1985 ആയപ്പോൾ സബ്സിഡി ഇല്ലായെന്നനിലയിലായി. കഴിഞ്ഞ ഏഴുമാസക്കാലമായി സബ്സിഡിക്കുവേണ്ടി കേരളത്തിലെ റബർകൃഷിക്കാർ നൽകിയ അപേക്ഷകളുംമുഴുവൻ കെട്ടിവെച്ചിരിക്കുകയാണ്. ഒരു പൈസപോലും സബ്സിഡി കൊടുക്കുകയില്ലെന്നുള്ള നിലപാടാണ് ബോർഡ് എടുത്തിരിക്കുന്നത്. അതുപോലെത്തന്നെ റബർബോർഡ് സ്പ്രേക്ക് സബ്സിഡി കൊടുത്തിരുന്നു. അതും പൂർണ്ണമായും

LIBRARY ARCHIVES Kerala Legislative Assembly

നിർത്തൽ ചെയ്തുകഴിഞ്ഞിരിക്കുന്നു. എന്താണ് ഇതിനുകാരണമെന്ന് മനസ്സിലാകുന്നില്ല. അതുപോലെത്തന്നെ തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളൊഴിച്ച് മറ്റു സംസ്ഥാനങ്ങളിൽ ഗവേഷണ ഉദ്ദേശത്തോടുകൂടി റബർബോർഡ് കോടിക്കണക്കിനുരൂപ ചെലവാക്കുകയാണ്. ഏറ്റവുമധികം റബർ ഉൽപ്പാദിപ്പിക്കുന്ന കേരളസംസ്ഥാനത്തിലെ ജനങ്ങൾക്കും കൃഷിക്കാർക്കും ന്യായമായി നൽകേണ്ട പണം കൂടി മറ്റുസംസ്ഥാനങ്ങളിലേക്ക് ഗവേഷണം നടത്തുന്നതിനുവേണ്ടി ചെലവാക്കുകയാണ്. ആന്തമാൻ-നിക്കോബാർ ദ്വീപുകളിൽ ഗവേഷണം നടത്തുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപ റബർബോർഡ് നശിപ്പിച്ചുകൊണ്ടിരിക്കുന്നുവെന്ന ആരോപണമാണ് എനിക്കു പറയാനുള്ളത്. എന്താണ് ഈ രീതിയിൽ റബർബോർഡിനെ ചിന്തിപ്പിക്കാൻ പ്രേരിപ്പിച്ചതെന്ന് എനിക്കു മനസ്സിലാകുന്നില്ല.

ഒരു കിലോ റബറിന് 40 പൈസ സെസ് പിരിച്ചുകൊണ്ടിരുന്നത് ഒരു രൂപയായി വർദ്ധിപ്പിക്കാനുള്ള നടപടി റവന്യൂബോർഡ് സ്വീകരിക്കുന്നുവെന്നാണ് മനസ്സിലാകുന്നത്. റബർ ടാപ്പിംഗ് നടത്തുന്ന തൊഴിലാളികളുടെ കൂലി വർദ്ധിച്ചിരിക്കുന്നു. അതുകൊടുക്കേണ്ടതാണ്. തുരിശിന് വിലവർദ്ധിച്ചിരിക്കുന്നു, വളത്തിന് വില വർദ്ധിച്ചിരിക്കുന്നു. ഇങ്ങനെ ഇന്ന് റബർ ഉൽപ്പാദിപ്പിക്കുന്നതിന് വലിയൊരു തുക ചെലവാക്കേണ്ട ഗതികേടിലേക്ക് റബർകൃഷിക്കാർ കടന്നുചെന്നിരിക്കുന്ന ഈ സാഹചര്യത്തിൽ റീ-പ്ലാന്റ് ചെയ്യുന്നതിനും പുതിയ കൃഷിക്കും എന്തുകൊണ്ട് സബ്സിഡി കൊടുക്കാൻ റബർബോർഡ് തയ്യാറാകുന്നില്ലായെന്നുള്ള വസ്തുത മനസ്സിലാകുന്നില്ല. ഏറ്റവുമധികം ചെറുകിടകൃഷിക്കാരുള്ള ഒരു മേഖലയാണിത്. ഒരു ഹെക്ടറിനുതാഴെ റബർകൃഷി നടത്തുന്ന ഏതാണ്ട് 3,000-ത്തോളം ആളുകളുള്ള പ്രദേശമാണ് മീനച്ചൽ താലൂക്ക്. റബർ മുതലാളിമാ ന്നുവിളിച്ച് മറ്റുള്ള ആളുകളം ആക്ഷേപിച്ച ഈ [illegible]ക്കിലെ ഞങ്ങൾ ജീവിക്കാൻപോലും മാർഗ്ഗമില്ലാത്തനിലയിൽ ചെന്നെത്തിയിരിക്കുന്നുവെന്നുള്ളത് ഈ ഗവൺമെന്റ് മനസ്സിലാക്കിക്കൊണ്ട് ഇതുവരെ തുടർന്നുവന്നിരുന്ന സബ്സിഡി കൊടുക്കാനുള്ള നടപടി സ്വീകരിക്കാൻ റബർബോർഡിനെ പ്രേരിപ്പിക്കാനുള്ള ശക്തമായ നടപടികളം ഈ ഗവൺമെന്റ് സ്വീകരിക്കണമെന്ന് ആത്മാർത്ഥമായി അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, റബർകൃഷിക്കാരെ സംബന്ധിച്ചിടത്തോളം റബർബോർഡ് ആവിഷ്ക്കരിച്ച പദ്ധതിയാണ് പുനരാവർത്തനകൃഷിക്കുള്ള സബ്സിഡിയും പുതിയതായി ആരംഭിക്കുന്ന കൃഷിക്കുള്ള സഹായവും. ഞാൻ അന്വേഷിച്ചതിൽനിന്നും ഈ പദ്ധതി നിർത്തൽചെയ്തിട്ടില്ല എന്നാണ് അറിയാൻകഴിഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ ഇതിനുമുമ്പ് ഈ സഭയിൽ ഇത് ഉന്നയിച്ച അവസരത്തിൽത്തന്നെ ഞാൻ പറഞ്ഞിരുന്നതാണ്. ആറാം പദ്ധതിയിലേക്ക് ഉൾക്കൊള്ളിച്ച സംഖ്യ 20 ഹെക്ടറിനുതാഴെയുള്ള കൃഷിക്കാർക്ക് 5,000 രൂപയും 20 ഹെക്ടറിനുമുകളിലുള്ള കൃഷിക്കാർക്ക് 3,000 രൂപയും സഹായം നൽകാനാണ്. അതാണ് നൽകിവന്നത്. 6 ഹെക്ടറിനുതാഴെ കൃഷിയുള്ള ചെറുകിടകൃഷിക്കാർക്ക് വളം സബ്സിഡിയും ഉണ്ട്. ഈ പദ്ധതി റബർ ഉൽപ്പാദനത്തിൽ കാര്യമായ പങ്കുവഹിച്ച ഒന്നാണെന്നുപറയേണ്ടതായിട്ടുണ്ട്. ആറാം പദ്ധതികാലത്ത് ഇത് വിജയകരമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഏഴാം പദ്ധതികാലത്ത് തുക ഉൾക്കൊള്ളിച്ചിരുന്നുവെങ്കിലും ആറാം പദ്ധതികാലത്ത് ചെലവഴിച്ചതിന്റെ ബാക്കി സംഖ്യമാത്രമാണ് നീക്കിവെച്ചിരുന്നതെന്നാണ് അന്വേഷണത്തിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഈ തുക മതിയാവുകയില്ലെന്നും കൂടുതൽസംഖ്യ ആവശ്യമാണെന്നും റബർബോർഡ് ഇന്ത്യാഗവൺമെന്റിനെ അറിയിച്ചിരിക്കുകയാണ്. കേരളത്തിലേക്കുള്ളത് മറ്റുപ്രദേശങ്ങളിലേക്ക് കൊണ്ടുപോകുന്നുവെന്ന്, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു. ഇത് കേരള റബർബോർഡല്ല, ഇന്ത്യ റബർബോർഡാണ്. ഇന്ത്യയുടെ ഏതു ഭാഗത്തും റബർകൃഷി നടത്തുന്നതിനേയും ഉപയോഗിക്കുന്നതിനേയും നമുക്ക് കുറ്റംപറയാൻ നിവൃത്തിയില്ല. ഏതായാലുംശരി കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം ഇത് നിർത്തൽചെയ്തതിൽ ഉൽക്കണ്ഠയുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, പക്ഷേ അത് നിർത്തൽ ചെയ്തിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പണത്തിന്റെ പോരായ്മയുണ്ട്, ബഡ്ജറ്റിനേക്കാൾകൂടുതൽ വർക്ക് ഏറെടുക്കുമ്പോഴും അടുത്തവർഷംവരുമ്പോഴും ആ കടംവീട്ടുന്ന സ്ഥിതിയാണ് റബർബോർഡിന്റെ സംഗതിയിൽ കാണാൻസാധിച്ചത്. ആറാം പദ്ധതിയിൽ ചെലവഴിച്ച സംഖ്യ ഏഴാംപദ്ധതിയിൽനിന്ന് ചെലവഴിക്കുന്നതുകൊണ്ട് പണത്തിന്റെ കുറവുണ്ടായിട്ടുണ്ട്. ഏതായാലും ശരി ഇത് ഇന്ത്യാഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഏഴാംപദ്ധതി ഫൈനലൈസ് ചെയ്യുമ്പോഴും ഇതിനുപരിഹാരം ഉണ്ടാകുമെന്ന് വിശ്വസിക്കാം. ഏതായാലും സംസ്ഥാന ഗവൺമെന്റ് ഈ കാര്യം ഇന്ത്യാഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

(iii) കാശ്മീരിനെ തർക്കപ്രദേശമായി ചിത്രീകരിച്ചുകൊണ്ട് "യഹോവയുടെ സാക്ഷികൾ" പ്രചരിപ്പിക്കുന്ന ഇയർബുക്ക്

ശ്രീ. ജി. കാർത്തികേയൻ: സർ, കഴിഞ്ഞദിവസം കേരളത്തിലെ പ്രമുഖ മലയാളപത്രങ്ങളിലൊന്നായ മലയാള മനോരമയിൽ 'മാതൃഭൂമി അവർക്ക് തർക്കഭൂമി' എന്നൊരു വാർത്ത വന്നിരുന്നു. യഹോവയുടെ സാക്ഷികൾ എന്നുപറയുന്ന ഒരു വിഭാഗം ലോകരാജ്യങ്ങളെ ചിത്രീകരിച്ച ഇന്ത്യയുടെ ഭാഗമായ കാശ്മീർ ഒരു തർക്കഭൂമിയായി അവരുടെ 1985 Year book of Jehovah's Witnesses എന്ന ബുക്കിൽ അച്ചടിച്ചു വച്ചിരിക്കുന്നു.

ഇന്ത്യാരാജ്യത്ത് എല്ലാ മതവിഭാഗങ്ങളേയും നമ്മൾ ബഹുമാനിക്കുകയും ആരാധനാസ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്യുന്നു. പക്ഷേ ഈ ആരാധനാസ്വാതന്ത്ര്യം രാജ്യത്തിന്റെ അഖണ്ഡതക്കും ദേശീയ ഐക്യത്തിനും എതിരാകുന്നുണ്ട്. ഇതേ വിഭാഗമാണ് (ഈ സഭയിൽത്തന്നെ ചർച്ചാവിഷയമായിട്ടുള്ള) ദേശീയഗാനം ആലപിക്കുന്നതിന് എതിർപ്പ് പ്രകടിപ്പിച്ചത്. ഭരണഘടനയിലെ ആനുകൂല്യങ്ങൾ ഇവർക്കുവേണം. ഭരണഘടനയിലെ ആനുകൂല്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇഷ്ടപ്പെട്ട ദേശീയഗാനം പറയാൻ ഞങ്ങളെ അനുവദിക്കണമെന്ന് പറഞ്ഞുകൊണ്ട് അവർ കോടതിയിൽപോയി. ഇത് രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതക്കും എതിരാണ്. ഇന്ത്യയുടെ അവിഭാജ്യഘടകമായ, നമ്മുടെ ദേശീയജീവിതത്തിന്റെ മുഖ്യധാരയിൽനിൽക്കുന്ന ഒരു പ്രദേശത്തേയും ഒരു ജനവിഭാഗത്തേയും തർക്കഭൂമിയായി ചിത്രീകരിച്ചുകൊണ്ട് ഈ രാജ്യത്തിനകത്തുംപുറത്തും പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ പുസ്തകത്തെ കണ്ടുകെട്ടണം. ഈ ഇയർപുസ്തകത്തെ കണ്ടു

LIBRARY ARCHIVES Kerala Legislative Assembly